(ബി) 151 പേർക്ക്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ വെള്ളം

* 144 [148] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽ 28-2-1986-ൽ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമുണ്ട് ;

(ബി) കാലവർഷം ആരംഭിക്കുന്നതുവരെ ഉപയോഗത്തിനുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ ;

(സി) ഇല്ലെങ്കിൽ വരും ഏപ്രിൽ, മേയ് മാസങ്ങളിൽ പവർകട്ട് വേണ്ടിവരുമോ ;

(ഡി) പവർകട്ട് ഒഴിവാക്കാൻ എന്തു നടപടികളാണ് എടുക്കാൻ പോകുന്നത് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1500 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമുണ്ടായിരുന്നു.

(ബി) യഥാസമയം കാലവർഷം ആരംഭിക്കുന്നപക്ഷം ഇപ്പോഴത്തെ ജല സംഭരണികളിലുള്ള വെള്ളം അതുവരെ സംസ്ഥാനത്തിനാവശ്യത്തിനുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് മതിയാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) ഏപ്രിൽ 15-ാം തീയതിയോടുകൂടി സ്ഥിതിഗതികൾ ഒന്നുകൂടി വിലയിരുത്തുന്നതാണ്.

(ഡി) ഇന്നത്തെ നിലയ്ക്ക് പവർകട്ട് വേണ്ടിവരുമെന്ന് കരുതുന്നില്ല.

(iv) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

എൻ. ജി. ഒ. ക്വാർട്ടേഴ്സ് സബ്‌ലെറ്റ് ചെയ്തിരിക്കുന്നതായി പരാതി

437 [627] ശ്രീ. കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാർക്ക് വേണ്ടിയുള്ള തിരുവനന്തപുരത്തെ കന്റോൺമെന്റ് കോമ്പൗണ്ടിലെ ഏതെങ്കിലും ക്വാർട്ടേഴ്സ് സബ്‌ലെറ്റ് ചെയ്തിരിക്കുന്നതായി പരാതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരാതിയിൻമേൽ എന്ത് നടപടിയെടുത്തു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് ക്വാർട്ടേഴ്സ് അലോട്ടുമെന്റ് ചട്ടങ്ങളിലെ പ്രസക്തമായ വ്യവസ്ഥകൾക്കനുസരിച്ച് അന്വേഷണം നടത്തി വേണ്ട അനന്തര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly